പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *154 | 13.07.2016 ൽ മറുപടിയ്ക്ക് |
|---|---|
| **നിർഭയ പദ്ധതി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.ഹൈബി ഈഡൻ**<br>**,, അടൂർ പ്രകാശ്**<br>**,, തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**,, വി.ഡി.സതീശൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യ കുടുംബക്ഷേമ സാമൂഹ്യനീതി വകുപ്പ് മന്ത്രി)** |
| (എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായുള്ള നിർഭയ പദ്ധതി നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമം, ലൈംഗിക പീഡനം, ലൈംഗിക ചൂഷണം എന്നിവ തടയുന്നതിനായി നിർഭയ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതു വഴി കൈവരിക്കാനുദ്ദേശിയ്ക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതു വഴി താഴെപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ ഉദ്ദേശിക്കുന്നു.<br>**1. പ്രതിരോധം:-**<br>സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിന് ഈ പ്രശ്നത്തിന്റെ മൂലകാരണങ്ങൾ കണ്ടെത്തുക, ചൂഷണ വിധേയരാകാൻ സാധ്യതയുള്ളവർക്ക് ബോധവത്കരണം നടത്തുക, പ്രധാന കാരണങ്ങളായ ലിംഗ വിവേചനം, മദ്യപാനം, ഉപഭോഗാസക്തി ഇവയ്ക്കെതിരെ സാമൂഹ്യ അവബോധം സൃഷ്ടിച്ച്, ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള പ്രവണത മുൻകൂട്ടി തടയുക.<br>**2. സംരക്ഷണം:-**<br>ശക്തമായ തിരുത്തൽ നടപടികൾക്കും, പരിഹാരനടപടികൾക്കും തുടക്കം കുറിച്ചു കൊണ്ട് പീഡിതകൾക്ക് തങ്ങളുടെ ശാരീരികവും മാനസികവുമായ മുറിവുകളിൽ നിന്ന് ആശ്വാസം നേടി മുഖ്യധാരയിൽ പുനഃപ്രവേശിക്കുന്നതിന് ആവശ്യമായ സംരക്ഷണ സേവനങ്ങൾ നൽകുക.<br>**3. നിയമനടത്തിപ്പ്:-**<br>ഇത്തരം കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യുകയും കേസ് അന്വേഷണം, സാക്ഷി വിസ്താരം തുടങ്ങിയ കോടതി നടപടികൾ ത്വരിതപ്പെടുത്തുകയും കുറ്റവാളികൾക്കെതിരായി ശക്തമായ നിയമനടപടിക്രമങ്ങൾ പൂർത്തീകരിച്ച് പരമാവധി ശിക്ഷ ഉറപ്പു വരുത്തുകയും ചെയ്തുവരുന്നു.<br>**4. പുനരധിവാസവും പുനരേകീകരണവും:-**<br>പുനരധിവാസപ്രവർത്തനങ്ങളുടെ ഉദ്ദേശ്യം എന്നത് ലൈംഗിക അതിക്രമത്തിനും വാണിഭത്തിനും ഇരയായവരെ മാനസികവും വൈകാരികവുമായി തയ്യാറാക്കി, വിദ്യാഭ്യാസപരമായും തൊഴിൽപരമായും സജ്ജരാക്കുകയും സമൂഹത്തിന്റെ മുഖ്യധാരയിൽ അന്തസ്സോടുകൂടിയുള്ള ജീവിതത്തിന് പ്രാപ്തരാക്കുകയുമാണ്. ഏതൊരു പുനരധിവാസപ്രവർത്തനത്തിന്റെയും ലക്ഷ്യം സാമൂഹിക പുനരേകീകരണം ആണ്. |

| | |
|---|---|
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഒരു പ്രത്യേക നിർഭയ സെൽ രൂപീകരിച്ചിട്ടുണ്ട്. ഈ സെല്ലിന്റെ കീഴിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br>• **<u>നിർഭയ ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പർ:-</u>** അത്യാവശ്യ ഘട്ടങ്ങളിൽ ബന്ധപ്പെടുന്നതിനായി 24 മണിക്കൂർ പ്രവർത്തിക്കുന്ന നിർഭയ ഹെൽപ്പ് ലൈൻ നമ്പർ 1800 425 1400 പ്രവർത്തിപ്പിച്ചു വരുന്നു.<br>• **<u>ഷെൽട്ടർ ഹോം:-</u>** ലൈംഗികാതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനായി വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ തിരുവനന്തപുരം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം, കാസർഗോഡ് എന്നീ 9 ജില്ലകളിലായി 11 നിർഭയ ഷെൽട്ടർ ഹോമുകൾ ആരംഭിച്ചിട്ടുണ്ട്. ഇവരുടെ പുനരധിവാസത്തിനാശ്യമായ വിദ്യഭ്യാസം, തൊഴിൽ പരിശീലനം എന്നിവ ഷെൽട്ടർ ഹോമുകളിലൂടെ നൽകി വരുന്നു.<br>• **<u>വൺസ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ:-</u>** അതിക്രമങ്ങൾക്കിരയായ വനിതകൾക്ക്/ കുട്ടികൾക്ക് ഒരു കുടക്കീഴിൽ വൈദ്യ സഹായം, കൗൺസിലിംഗ്, പോലീസിന്റെ സഹായം, നിയമസഹായം എന്നിവ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ 14 ജില്ലകളിലായി 21 സർക്കാർ ആശുപത്രികളിൽ വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ പ്രവർത്തിച്ചു വരുന്നു.<br>• വിവിധ ബോധവത്കരണ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ